മിസ്റ്റർ കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ എം. ഐ. പോൾ: ഈ അപ്പൻറിക്സിൽ പറഞ്ഞിട്ടുള്ളടത്തോളംമാത്രംകൊണ്ടു കഴിഞ്ഞുവോ, ഈ ഡിപ്പാർട്ട്മെൻറിലെ റിട്രെഞ്ച്മെൻറ്?

മിസ്റ്റർ കെ. അയ്യപ്പൻ: ഇതിനുള്ള മറുപടി ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: റിട്രെഞ്ച്മെൻറ് കമ്മിറ്റിയിൽനിന്നു പബ്ലിക്ക് വർക്സ് ഡിപ്പാർട്ട്മെൻറിലേക്കയച്ച കപ്സ്റ്റിനേറിനു മറുപടി അയച്ചിട്ടില്ലായെന്നു പറയുകയുണ്ടായല്ലോ. എന്നാൽ റിട്രെഞ്ച്മെൻറ് കമ്മിറ്റിക്കു വല്ല നിർദ്ദേശവും കൊടുത്തിരുന്നുവൊ?

മിസ്റ്റർ കെ. അയ്യപ്പൻ: അങ്ങിനെ ഒരു നിർദ്ദേശം കൊടുത്തതായി അറിയുന്നില്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: വലിയ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരെ റിട്രെഞ്ച്മെൻറിൽ പെടുത്തരുതു എന്നു വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: എന്നെ സംബന്ധിച്ചിടത്തോളം അങ്ങിനെ ഒരു നിർദ്ദേശം കൊടുത്തിട്ടില്ല.

UNEMPLOYMENT OF HARBOUR WORKS—REASONS FOR

230. (191) മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു സദയം മറുപടി പറയുമൊ. —

(എ) കൊച്ചി ഹാർബറിൽ കൺട്രാക്ട് സമ്പ്രദായത്തിൽ ജോലികൾ നടത്തുവാനാരംഭിച്ചതുമുതൽ നാട്ടുകാരായ തൊഴിലാളികളിൽ ഭൂരിപക്ഷവും തൊഴിലില്ലാതായി തീർന്നിട്ടുണ്ടെന്നുള്ള വിവരം ഗവൺമെണ്ടിന്നറിയാമൊ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും ഉപശാന്തിയുണ്ടാക്കുവാൻ ഗവൺമെണ്ടിനു കഴിവുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്:

(എ) ഇല്ല.

(ബി) മേൽ ഉത്തരംകൊണ്ടു് ഇതിനു മറുപടി ആവശ്യമില്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: കൺട്രാക്ട് സമ്പ്രദായത്തിലാണു അവിടെ ജോലി നടക്കുന്നതു എന്നു ഗവൺമെണ്ടിനു അറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: കൺട്രാക്ട് സമ്പ്രദായത്തിലും അവിടെ ജോലി നടക്കുന്നുണ്ട് എന്നുള്ളതല്ലാതെ അധികവും അങ്ങിനെയാണു് നടക്കുന്നതു എന്നു പറയുവാൻ നിവർത്തിയില്ല. കൃത്യമായി പറയണമെന്നുണ്ടെങ്കിൽ നോട്ടീസ്സുവേണം.

മിസ്റ്റർ പി. കെ. ഡീവർ: കൺട്രാക്ട് സമ്പ്രദായത്തിൽനടത്തുന്ന ജോലികൾക്ക് ഈ നാട്ടുകാരല്ലാത്ത ആളുകളെക്കൊണ്ടുവന്ന ഇവിടെയുള്ള ആളുകൾക്കില്ലാത്ത സൌകര്യങ്ങൾ കൊടുത്തു പണിയെടുപ്പിച്ചു വരുന്നതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: അതിനെപ്പറ്റി അന്വേഷിയ്ക്കാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അന്വേഷിയ്ക്കാം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: അതിനെ സംബന്ധിച്ചുള്ള ഒരു കട്ടമോഷൻവന്ന അവസരത്തിൽ ഈകാര്യത്തെ സംബന്ധിച്ചു ആലോചന നടത്തിവരുകയാണു എന്നു പറയുകയുണ്ടായി. ആ ആലോചന ഒന്നു ത്വരിതപ്പെടുത്താമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ആലോചന ത്വരിതപ്പെടുത്താം.

Mr. C. V. Iyyu (*Kunnamkulam*): Just one more, Sir, Mr. Autokaran is not a mechanical Engineer. If it is, K. B Menon, he should have understood well about the bulldozer machine. I want to know whether the Hon'ble Prime Minister will be pleassed to issue an order to Mr. K. B. Menon.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിനെപ്പറ്റി മെക്കാനിക്കൽ പരിജ്ഞാനമുള്ള ആളുകളെക്കൊണ്ടു പരിശോധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly